# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 533

### 06-03-2012 - ൽ മറുപടിയ്ക്ക്

## സിഡ്കോയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1) ചെറുകിട വ്യവസായികൾക്ക് വ്യവസായം തുടങ്ങുന്നതിനായി സംസ്ഥാനത്തുടനീളം വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ പാർക്കുകൾ എന്നിവ സ്ഥാപിക്കുക.<br><br>2) മേൽ വ്യവസായ എസ്റ്റേറ്റ്/ പാർക്ക് എന്നിവയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.<br><br>3) ചെറുകിട വ്യവസായികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിന് സഹായിക്കുക.<br><br>4) ചെറുകിട വ്യവസായികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളായ മെഴുക്, ഇരുമ്പുരുക്കുൽപ്പന്നങ്ങൾ, പ്ലാസ്റ്റിക് ഗ്രാന്യൂൾസ് എന്നിവ യഥേഷ്ടം ലഭ്യമാക്കുക.<br><br>5) സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിലേയ്ക്കാവശ്യമായ കമ്പ്യൂട്ടറുകൾ, സോഫ്റ്റ്‌വെയർ സൊല്യൂഷൻസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക. |

| | |
|---|---|
| | 6) സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ മരാമത്തുപണികൾ ഏറ്റെടുത്തു നടത്തുക.<br><br>7) ചെറുകിട വ്യവസായികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ വേണ്ടിവന്നാൽ ഇറക്കുമതിചെയ്യുക.<br><br>8) ഊർജ്ജ നിയന്ത്രണം, വേസ്റ്റ് മാനേജ്മെന്റ്, തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഏറ്റെടുക്കുക.<br><br>9) വിവിധ സർക്കാർ/ അർദ്ധസർക്കാർ വകുപ്പുകൾക്കാവശ്യമുള്ള കൺസൾട്ടൻസി സേവനങ്ങൾ നൽകുക. |
| (ബി) സിഡ്കോ വഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് പദ്ധതി തയ്യാറാക്കി യിട്ടുണ്ടോ ; വിശദമാക്കുമോ; | (ബി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ ഉല്പന്നങ്ങൾ സിഡ്കോ വഴി വിതരണം നടത്തുന്നതിന് സിഡ്കോയെ സമീപിച്ചതിൻപ്രകാരം KSIE - യുടെ കീഴിലുള്ള കേരള സോപ്പ് ആന്റ് ഓയിൽസിന്റെ വിവിധയിനം സോപ്പുകളും , ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് നിർമ്മിക്കുന്ന കാർഷിക പണിയായുധങ്ങളും സിഡ്കോ വഴി വിപണനം ചെയ്തു തുടങ്ങിയിട്ടുണ്ട്. |
| (സി) ഇതുവഴി ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഇടനിലക്കാരെ ആശ്രയിക്കാതെ വിപണനം നടത്തുന്നതിനാൽ ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ മിതമായ വിലയ്ക്ക് വിപണനം നടത്താൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ